സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ്, നന്തൻകോട്, തിരുവനന്തപുരം-695003
ഇ-മെയിൽ secretarytdbtvm@gmail.com

ആർ.ഒ.സി. നമ്പർ 5520/23/അക്കൗ

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,23.05.2024

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജൂൺ 5 പരിസ്ഥിതി ദിനം ആചരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 23.05.2024-ലെ ബോർഡ് തീരുമാനം.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5-ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ആഫീസുകളിലും വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

പ്രസ്തുത ദിനത്തിൽ ഓരോ ക്ഷേത്രത്തിലേയും പരിസ്ഥിതി ദിനാഘോഷം 'ദേവഹരിതം' ചുവടെ വിവരിക്കുന്ന ക്രമം നടപ്പിലാക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

1. പരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ ബഹു.ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, സെക്രട്ടറി, ചീഫ് എഞ്ചിനീയർ, ദേവസ്വം കമ്മീഷണർ, സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) എന്നിവർ ദേവസ്വങ്ങളിൽ വൃക്ഷത്തൈകൾ നട്ട് ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ,അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ അധികാര പരിധിയിലുള്ള ക്ഷേത്ര പരിസരങ്ങളിൽ പ്രസ്തുത ദിവസം രാവിലേയും വൈകുന്നേരവുമായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്.
3. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ എന്നിവരും അവരവരുടെ ചുമതലയിലുള്ള ക്ഷേത്രങ്ങളിൽ രാവിലേയും വൈകുന്നേരവുമായി വൃക്ഷത്തൈകൾ/ പൂജയ്ക്കാവശ്യമുള്ള ചെടികളുടെ തൈകൾ എന്നിവ നട്ടു പിടിപ്പിക്കേണ്ടതാണ്.
4. ക്ഷേത്രങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ വൃക്ഷത്തൈകൾ/ വിത്തുകൾ അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ കൃഷി ഭവൻ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയിടങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

5. ക്ഷേത്രങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ മറ്റ് ചെടികൾ അതാത് ദേവസ്വം ഉപദേശക സമിതി മുഖാന്തിരമോ സ്പോൺസർമാരുടെ പങ്കാളിത്തത്തോട് കൂടിയോ ലഭ്യമാക്കാവുന്നതാണ്. ആയതിലേയ്ക്കായി ഇവരുമായി ജൂൺ 1 ന് മുൻപ് ചർച്ച നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.
6. ചെടികൾ നട്ടു പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, ആവശ്യമുള്ള പക്ഷം ഓരോ ദേവസ്വത്തിനും 1000/- രൂപയിൽ അധികരിക്കാത്ത തുക ചെലവ് കണക്കടിസ്ഥാനത്തിൽ എഴുതി നൽകുന്നതിന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.
7. പ്രസ്തുത പരിപാടി വിജയകരമാക്കുന്നതിന് ജനപ്രതിനിധികളെയോ സാമൂഹിക സാംസ്കാരിക പ്രവർത്തകരെയോ പങ്കെടുപ്പിക്കാവുന്നതാണ്.
8. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെയും ചെടികളുടെയും പരിപാലനം സംബന്ധിച്ച് അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ/ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ പരിശോധിക്കേണ്ടതാണ്.
9. പ്രസ്തുത പദ്ധതി എല്ലാ ക്ഷേത്രത്തിലും, നടപ്പിൽ വരുത്തേണ്ടത് അതാത് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാരുടെ ഉത്തരവാദിത്വമാണ്. ആയതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

സെക്രട്ടറി
തിരുവിതാംകൂർ ദേവസ്വം ബോർഡ്

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
6. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
7. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
8. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
9. പേഴ്സണൽ സെക്രട്ടറി, ബഹു. പ്രസിഡന്റ്
10. പേഴ്സണൽ സെക്രട്ടറി, ബഹു. മെമ്പർ-1
11. പേഴ്സണൽ സെക്രട്ടറി, ബഹു. മെമ്പർ-2
12. പബ്ലിക് റിലേഷൻ ആഫീസർ
13. ഐ.റ്റി. ഡിവിഷൻ
14. സെക്ഷൻ ഫയൽ
15. ഫെയർ ഓഫീസ് കോപ്പി